# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1947 11.02.2020-ൽ മറുപടിയ്ക്ക്

**വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സാമാജികർക്ക് ലഭ്യമാക്കുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | നിയമസഭാ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലേക്ക് നൽകുന്ന പ്രോജക്റ്റുകളുടെയും മറ്റ് അപേക്ഷകളുടെയും പരിശോധനാഘട്ട പുരോഗതിയും ഉത്തരവുകളും ബന്ധപ്പെട്ട ആഫീസുകളിൽ നിന്ന് സാമാജികരുടെ സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് തലത്തിൽ നൽകുന്ന കാര്യം പരിഗണിക്കുമോ? | (എ) | 21/11.2011-ലെ 77369/സിഡിഎൻ4/11/പൊഭവ നമ്പർ സർക്കുലർ പ്രകാരം നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിജസ്ഥിതി സ്ഥലം എം.എൽ.എ മാരെ അറിയിക്കണമെന്നും വിവിധ പ്രൊജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എമാർക്ക് കൂടി ലഭ്യമാക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്. സാമാജികരുടെ സൈറ്റിൽ ആയത് ലഭ്യമാക്കുന്നതിന്റെ നടപടികൾ നിയമസഭാ സെക്രട്ടേറിയറ്റാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

144

8/30/11

കേരള സർക്കാർ
പൊതുഭരണ (ഏകോപന) വകുപ്പ്

നമ്പർ. 77369/സി.ഡി.എൻ.4/11/പൊ.ഭ.വ. തിരുവനന്തപുരം, തീയതി, 21-11-2011.

## സ ർ ക്കു ല ർ

വിഷയം :- നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 07-05-2008-ലെ പാർലമെന്ററികാര്യ (എ) വകുപ്പിൽനിന്നുള്ള 1294/എ2/07/പാ.കാ.വ. നമ്പർ സർക്കുലർ.

------------

ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച നടപടിക്രമങ്ങൾ ജനപ്രതിനിധികളെ യഥാസമയം അറിയിക്കാതെ ഉദ്യോഗസ്ഥതലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനാൽ പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്നും ഫണ്ടുകൾ ലാപ്സായി തീരുന്നുവെന്നും ഇത്തരത്തിലുണ്ടാകുന്ന കാലതാമസം ജനപ്രതിനിധികൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കുന്ന സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ വകുപ്പുതലങ്ങളിൽനിന്നും ഇറങ്ങുന്ന ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്നതുപോലെ തന്നെ ജനപ്രതിനിധികൾക്കും ലഭ്യമാകുന്നതിനു വേണ്ട അടിയന്തിര നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകണമെന്നഭ്യർത്ഥിച്ച് ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ. 17-10-2011-ന് ഉന്നയിച്ച നിയമസഭാ നടപടി ചട്ടം 304 അനുസരിച്ചുള്ള സബ്മിഷന് മറുപടിയായി, വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കുമെന്നും സൂചനയിലെ സർക്കുലർ കർശനമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമെന്നും ബഹു: മുഖ്യമന്ത്രി സഭയ്ക്ക് ഉറപ്പു നൽകിയിരുന്നു.

വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.യ്ക്ക്/എം.എൽ.എ.മാർക്കുകൂടി നൽകണമെന്നും സൂചനയിലെ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ബന്ധപ്പെട്ട വകുപ്പുകളോട് അവരുടെ കീഴിലുള്ള വകുപ്പുതലവന്മാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

(..............2)

നിയമസഭയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പുകളും/വകുപ്പുതലവന്മാരും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും; ഓരോ നിയോജകമണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും ഇതിനാൽ എല്ലാ വകുപ്പുകളോടും/വകുപ്പുതലവന്മാരോടും കർശനമായി നിർദ്ദേശിക്കുന്നു.

ഡോ. പി. പ്രഭാകരൻ
ചീഫ് സെക്രട്ടറി

എല്ലാ നിയമസഭാ സാമാജികർക്കും (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവന്മാർക്കും (സർക്കുലർ അതത് വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
പാർലമെന്ററികാര്യ (എ) വകുപ്പിന് (അറിവിലേയ്ക്കായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പു സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

Section officer